34-ാം ദിവസം

വലിയ നോമ്പ് 2017

# ആത്മീയചിന്ത ശകലങ്ങൾ

Church is the holy place of blessings...നാം കൃത്യമായി യാമപ്രാർത്ഥനങ്ങളിലും ആരാധനകളിലും പങ്കെടുത്ത്, നമ്മുടെ പരിമിതികൾ കണക്കിടാതെ, പ്രയാസപ്പെട്ടാലും അത് പൂർത്തീകരിക്കുവാൻ ആഗ്രഹിക്കണം. ബന്ധനങ്ങൾ അഴിക്കപ്പെടുവാൻ, കർത്താവിന്റെ ശബ്ദം കേൾക്കുവാൻ, അനുഗ്രഹങ്ങൾ ലഭിച്ച് ദൈവനാമത്തെ മഹത്വപ്പെടുത്തുവാൻ, ആരാധനയിൽ സകലവും ത്യജിച്ച് പങ്കെടുക്കണം. ഭൗതീകമായ കാര്യങ്ങളാണ് നാം ശ്രദ്ധിക്കുന്നതെങ്കിൽ, അദൃശ്യമായ ആത്മീയകൂനുകൾ ഉണ്ടാകുന്നു. ഉയരത്തിലുള്ളത് ചിന്തിക്കുവാനും നേടിയെടുക്കുവും നമുക്ക് കഴിയാതെ വരുന്നു. മൃഗസ്വഭാവത്തിൽ നിന്നും മനുഷ്യസ്വഭാവത്തിലേക്ക് ഒരു ആത്മീയമാററമാണ് ഇവിടെ സംഭവിക്കുന്നത്. പാപികളായ നമുക്കുവേണ്ടി നമ്മുടെ രക്ഷകൻ ബലിപീഠത്തിന്മേൽ ബലി അർപ്പിക്കപ്പെടുമ്പോൾ, പ്രയോജനമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി നാം എന്തിനാണ് പുറത്തേക്ക് പോകുന്നത്! നാം അകത്തുവന്ന് കരുണയ്ക്കായി യാചിക്കേണം. അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും ശാപങ്ങൾ മാറുന്നതിനും ബന്ധനങ്ങൾ അഴിയുന്നതിന് കാലം നിശ്ചയിച്ചിട്ടുണ്ട്. ഇവിടെ കൂനിസ്ത്രീയ്ക്കു പതിനെട്ടു പ്രാർത്ഥനവർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു തന്റെ സൗഖ്യത്തിനായി!!നമ്മുടെ കൂനുകൾ മാറിയോ? ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

**St. Mark 5:21-43; Deut 27:16-28:2; II Kings 4:32-37; Hosea 6:1-6; Acts 16:27-40;
I Timothy 1:1-20; St. Mathew 9:18-31**